"ഭരണഭാഷ-മാതൃഭാഷ"

No. DWCD/6321/2024-D2

വനിത ശിശുവികസന
ഡയറക്ടറുടെ കാര്യാലയം,
പൂജപ്പുര,തിരുവനന്തപുരം
തീയതി : 14-10-2025
E-Mail:directorate.wcd@kerala.gov.in
Phone No.0471–2346534

**ലേല നോട്ടീസ്**

വനിതാ ശിശു വികസന വകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ ഓഫീസ് നവീകരണവുമായി ബന്ധപ്പെട്ട ഉപയോഗശൂന്യമായ ചുവടെ ചേർക്കുന്ന സാധനങ്ങൾ **25.10.2025 ശനിയാഴ്ച ഉച്ച കഴിഞ്ഞു 3.30 മണിയ്ക്ക്** പൂജപ്പുര വനിതാ ശിശുവികസന ഡയറക്ടറേറ്റിൽ വച്ച് പരസ്യമായി ലേലം ചെയ്യുന്നു.

| SL. No | Item | No. of Quantity |
|---|---|---|
| 1 | Computer Table | 25 |
| 2 | Wood Table | 4 |
| 3 | Wood Chair | 25 |
| 4 | Plastic Chair | 11 |
| 5 | Wood Almirah small | 5 |
| 6 | wood Almirah | 6 |
| 7 | Iron Almirah small | 10 |
| 8 | Iron Almirah | 13 |
| 9 | Wooden Door | 5 |
| 10 | Wooden Shelf | 4 |
| 11 | Wooden Drawer | 1 |
| 12 | Wooden Table | 2 |
| 13 | Steel Rack | 1 |
| 14 | Iron Chair | 6 |
| 15 | Aluminum Partion | 13 |
| 16 | Aluminum Door | 4 |
| 17 | Aluminum Square Tube (2.1m) | 40 |
| 18 | Aluminum Square Tube (3m) | 25 |
| 19 | Plywood Partion | 24 |
| 20 | Iron Bars | 20 |
| 21 | Steel Door | 2 |
| 22 | Wheel Chair | 2 |
| 23 | Office Chair | 15 |

ലേലത്തിൽ പങ്കെടുക്കുവാൻ താല്പര്യമുള്ളവർക്ക് **15.10.2025** മുതലുള്ള ഓഫീസ് പ്രവൃത്തി ദിനങ്ങളിൽ ഉച്ചയ്ക്ക് 3.00 മണി മുതൽ 4.30 വരെ സാധനങ്ങൾ പരിശോധിക്കുവാൻ അവസരമുണ്ടായിരിക്കുന്നതാണ്.

ലേലത്തിൽ പങ്കെടുക്കുന്നവർ ലേലം തുടങ്ങുന്നതിനു ഒരു മണിക്കൂർ മുന്പ് ഹാജരായി നിരതദ്രവ്യം ഇനത്തിൽ 500/- രൂപ (അഞ്ഞൂറ് രൂപ മാത്രം) അടച്ച രസീത് കൈപ്പറ്റേണ്ടതാണ്. നിരതദ്രവ്യം അടയ്ക്കുന്ന സമയത്ത് അവരുടെ ഐഡന്റിറ്റി വെളിപ്പെടുത്താനുതകുന്ന രേഖ (ആധാർ കാർഡ്/വോട്ടേഴ്സ് ഐഡന്റിറ്റി കാർഡ്/ഡ്രൈവിംഗ് ലൈസൻസിന്റെ കോപ്പി) നിർബന്ധമായും ഹാജരാക്കേണ്ടതാണ്.

ലേലം അവസാനിക്കുന്ന മുറയ്ക്ക് ഏറ്റവും കൂടുതൽ തുക വിളിച്ച വ്യക്തിയ്ക്ക് ലേലം താൽക്കാലികമായി ഉറപ്പിക്കുന്നതാണ്. പ്രസ്തുത വ്യക്തി ലേലത്തുകയുടെ രണ്ടിൽ ഒരു ഭാഗം (നിരതദ്രവ്യം ഉൾപ്പെടെ) ലേല സ്ഥലത്ത് വച്ച് അടയ്ക്കേണ്ടതും, ബാക്കി തുക 3 ദിവസത്തിനകം ഒടുക്കി സാധനങ്ങൾ നീക്കം ചെയ്യേണ്ടതാണ്. ലേലം കൊള്ളുന്നവർ ലേല നിബന്ധനകൾ പാലിക്കാത്ത പക്ഷം നിരതദ്രവ്യം മടക്കി നൽകുന്നതല്ല.

ലേല ദിവസം പൊതു അവധി ആണെങ്കിൽ തൊട്ടടുത്ത പ്രവർത്തി ദിവസം രാവിലെ 11.30നു ലേലനടപടികൾ കൈക്കൊള്ളുന്നതായിരിക്കും. ലേലത്തിൽ ഒന്ന് മുതൽ മൂന്നു വരെ സ്ഥാനങ്ങളിൽ വരുന്നവരുടെ നിരതദ്രവ്യം ലേലം ഉറപ്പിച്ചതിനു ശേഷം മാത്രമേ മടക്കി നൽകുകയുള്ളൂ. യാതൊരു കാരണവും കാണിക്കാതെ ലേലനടപടികൾ റദ്ദുചെയ്യുന്നതിനും അസ്ഥിരപ്പെടുത്തുന്നതിനും താഴെ ഒപ്പുവച്ചിട്ടുള്ള ഉദ്യോഗസ്ഥന് പൂർണ്ണ അധികാരം ഉണ്ടായിരിക്കും.

വിശ്വസ്തതയോടെ,

വനിത ശിശു വികസന ഡയറക്ടർക്കുവേണ്ടി